(സി) ഉണ്ടെങ്കിൽ ഏതെല്ലാം ചട്ടങ്ങൾ ഏത് ദിവസങ്ങളിൽ ഭേദഗതി ചെയ്തു;

(ഡി) തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനത്തിനുശേഷം ഭരണസമിതി രൂപംകൊണ്ടിട്ടുണ്ടോ;

(ഇ) പാലക്കാട് ജില്ലാ ബാങ്ക് ഭരണം നടത്തുന്നത് ആരാണ്?

ഉത്തരം

(എ) 26-3-2003-ൽ.

(ബി) ഉണ്ട്.

(സി) കേരള സഹകരണസംഘം ചട്ടങ്ങളിൽ ചട്ടം 44 (എ) 9-4-2003-ൽ ഭേദഗതി ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി.

കയർ പ്രൈമറി സഹകരണ സംഘങ്ങളിൽ നിന്നും വർക്കിംഗ് ക്യാപ്പിറ്റൽ ലോണിന് ഈടാക്കുന്ന പലിശ

101 [2753] ശ്രീ. യു. സി. രാമൻ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, സി. മോയിൻകുട്ടി:
,, ഇസ്ഹാക്ക് കുരിക്കൾ:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ പ്രൈമറി സഹകരണ സംഘങ്ങളിൽനിന്നും വർക്കിംഗ് ക്യാപ്പിറ്റൽ ലോണിന് ഈടാക്കുന്ന പലിശ മുൻപുണ്ടായിരുന്ന 5%-ൽ നിന്നും 10. 5% ആയി ഉയർത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പിഴപ്പലിശ 2.5%-ൽ നിന്നും 2.75% ആയി ഉയർത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതുമൂലം പ്രസ്തുത സഹകരണ സംഘങ്ങൾക്കുണ്ടായ പ്രയാസം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ധനകാര്യവകുപ്പിന്റെ 12-6-2002-ലെ 43/02/ഫിൻ. എന്ന സർക്കുലർ പ്രകാരം പലിശനിരക്കും പിഴപ്പലിശ നിരക്കും സഹകരണസംഘങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് 1-4-2002 മുതലാണ് വർദ്ധിപ്പിച്ചത്. കയർ സഹകരണ സംഘങ്ങൾക്കു മാത്രമായി പലിശനിരക്ക് കുറവ് ചെയ്യാൻ നിർവ്വാഹമില്ല.

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ വികസന പദ്ധതി

102 [2754] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ വികസനത്തിന് ഏതെങ്കിലും സ്വകാര്യ കമ്പനിയുമായി ധാരണാപത്രത്തിൽ ഒപ്പിട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് കമ്പനിയുമായാണ് ധാരണയിലെത്തിയത്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) എത്ര രൂപയാണ് പ്രസ്തുത വികസന പദ്ധതിക്കുവേണ്ടി ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒപ്പിട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ പ്രവൃത്തി

103 [2755] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഫിഷിംഗ് ഹാർബറിനുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടായെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ എത്ര തുകയാണെന്ന് അറിയിക്കാമോ;

(സി) ഫിഷിംഗ് ഹാർബറിന്റെ പ്രവൃത്തി എപ്പോൾ തുടങ്ങാനാകുമെന്ന് വെളിപ്പെടുത്താമോ;

(ഡി) സർവ്വേ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly